# മാലിന്യമാണ് താരം

തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കാനുണ്ടായിരുന്നത് വാസ്തവത്തിൽ മാലിന്യം വേണോ അതിന് പരിഹാരം വേണോ എന്നതുകൂടിയായിരുന്നു. കാരണം കേരളം ഇന്നഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളിലൊന്ന് മാലിന്യ സംസ്കരണമായിരുന്നു. മാലിന്യം സത്യത്തിൽ ഒരു വിഭവമാണ്. ഇവിടെ അതൊരു തീരാപ്രശ്നമായി തുടരുന്നെങ്കിൽ മുഖ്യപ്രതി പ്ലാസ്റ്റിക്കാണ്.

ഇലക്ഷൻ പ്രചരണത്തിൽ പ്ലാസ്റ്റിക്കും ഫ്ളക്സും ഒഴിവാക്കിയിരുന്നെങ്കിൽ അതൊരു ഉത്തമ മാതൃകയാകുമായിരുന്നു. സംസ്ഥാന ഇലക്ഷൻ കമ്മിഷൻ പ്ലാസ്റ്റിക്കിന്റെ ഈ മാരക വ്യാപനം തടയിടാനായി ശ്രമിച്ചത് ഏതാനും സാമൂഹ്യവിരുദ്ധ കച്ചവടക്കാരും രാഷ്ട്രീയക്കാരും കൂടി അട്ടിമറിച്ചിരിക്കുകയാണ്. ഇത് ജനങ്ങൾക്ക് നേരെയുള്ള അക്രമമാണ്. കോടതി വിധിയിലൂടെയാണ് പ്ലാസ്റ്റിക് തോന്ന്യാസം അനുവദിക്കപ്പെട്ടിട്ടുള്ളതെങ്കിലും കേരള പൊതുസമൂഹത്തിന് മുന്നിൽ അടിസ്ഥാനപരമായ അനേക ചോദ്യങ്ങൾ ഇത് ഉയർത്തുന്നു. എന്തുകൊണ്ടാണ് കോടതി വിധികളെ വെല്ലുവിളിക്കുന്നവരുൾപ്പെടെ ഈ മര്യാദകേടിനെ എതിർക്കാതിരുന്നത് ? ശുചിത്വ കേരളം സുന്ദര കേരളം ഏറ്റു പറയുന്ന നമ്മുടെ എല്ലാ രാഷ്ട്രീയ സംവിധാനങ്ങളും ആത്മാർത്ഥമായി അത് നടപ്പാക്കുന്നതിൽ വിശ്വസിക്കുന്നില്ലെന്ന യാഥാർത്ഥ്യം വീണ്ടും തെളിഞ്ഞുവരുകയാണ്. ഇത് രാഷ്ട്രീയ വിഷയമല്ലെങ്കിൽ മറ്റെന്താണ് രാഷ്ട്രീയം? സ്വന്തം വാർഡിൽ, ചുറ്റുവട്ടത്ത്, അയൽക്കൂട്ടത്തിൽ, നാട്ടിൽ ഒരു ബന്ധമില്ലാത്തവരാണോ ജനപ്രതിനിധികളായി മത്സരിക്കുന്നത്? ഏറ്റവും അടിത്തട്ടിലുള്ള ഈ തെരഞ്ഞെടുപ്പിലും ജനങ്ങളെ അഭിമുഖീകരിക്കാൻ ഫ്ളക്സ് ബോർഡ് വേണമെന്ന മാനസിക മാലിന്യത്തിന് എന്താണ് പരിഹാരം? ഈ ജനവിരുദ്ധ രാഷ്ട്രീയത്തെ ബഹിഷ്കരിക്കാനും പരിസ്ഥിതി സൗഹൃദ സുസ്ഥിര ആരോഗ്യ കേരളത്തിനായി പൊരുതാനും ഇപ്പോഴല്ലെങ്കിൽ മറ്റെപ്പോഴാണ് നമുക്ക് കഴിയുക? നിലവിലുള്ള രാഷ്ട്രീയത്തിന്റെ പരിമിതികളും പ്രശ്നങ്ങളും നമ്മൾ ജനങ്ങൾ തിരിച്ചറിഞ്ഞ് ഒറ്റയ്ക്കും കൂട്ടായും ഇടപെട്ട് പരിഹരിക്കുമ്പോഴാണ് പുനർനിർമ്മാണം, പുതിയൊരു രാഷ്ട്രീയം സാധ്യമാകുന്നത്.

കേരളം പലതലത്തിൽ എല്ലാ അർത്ഥത്തിലും ചീഞ്ഞളിഞ്ഞ് നാറുകയാണ്. പക്ഷെ ഇപ്പോഴത്തെ കക്ഷിരാഷ്ട്രീയ നേതൃത്വങ്ങളോ ഭരണസംവിധാനങ്ങളോ അതറിഞ്ഞ മട്ടില്ല. എന്നാൽ ഭരണ നേട്ടങ്ങളിലും ആരോപണ പ്രത്യാരോപണങ്ങളിലും വിവാദങ്ങളിലും നിറഞ്ഞാടുന്നത് മാലിന്യപ്രശ്നം തന്നെ. വിളപ്പിൽശാല, വാകത്താനം, ബ്രഹ്മപുരം, ലാലൂർ, ചക്കംകണ്ടം, ഞെളിയൻപറമ്പ്...ഇവയൊക്കെ കുപ്രസിദ്ധമായ സ്ഥലനാമങ്ങളല്ല. നമുക്കോരരുത്തർക്കും ഉത്തരവാദിത്തമുള്ള പ്രശ്നമേഖലയുടെ പര്യായപദം കൂടിയാണ്. ഈയൊരൊറ്റക്കാര്യത്തിലെങ്കിലും നമ്മൾ കൈ പിൻവലിക്കുമോ? മാലിന്യമുണ്ടാക്കുന്നത് നമ്മളാണ്, പരിഹരിക്കേണ്ടത് നമ്മളുണ്ടാക്കുന്ന സംവിധാനങ്ങളിൽ കൂടിയാണ്. അങ്ങിനെയെങ്കിൽ പണ്ട് മുനിസിപ്പാലിറ്റിയിൽ മാത്രമുണ്ടായിരുന്ന മാലിന്യ പ്രശ്നം വികേന്ദ്രീകരിക്കുക മാത്രമായിരുന്നോ പ്ലാസ്റ്റിക് ഉൾപ്പെടയുള്ള കൺസ്യൂമറിസത്തിലൂടെ നമ്മൾ ചെയ്തത്?

ഈ തെരഞ്ഞെടുപ്പിൽ വിവേകത്തിന് ഒരു വോട്ട് നൽകുമെങ്കിൽ നമുക്ക് നൽകാനുള്ളത് പ്ലാസ്റ്റിക്കിനെതിരായാണ്, മാലിന്യമുക്ത കേരളത്തിന് വേണ്ടിയാണ്. ഉറവിടത്തിൽ തന്നെ, നിർമ്മാണം തന്നെ നിരോധിച്ച് അതിനൊരു പരിഹാരം ഉണ്ടാക്കുകയല്ലാതെ വേറെ കുറുക്കുവഴികളില്ല. നിയമനിർമ്മാണമാണ്, ആത്മാർത്ഥമായ നടപ്പാക്കലാണ്, അതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയാണ് കേരളീയരിൽ നിന്ന് ഭാവി സമൂഹവും ആവശ്യപ്പെടുന്നത്.